## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.94 | 06.01.2014 ൽ മറുപടിയ്ക്ക്

### കസ്തൂരിരംഗൻ റിപ്പോർട്ടിന്മേലുള്ള ആശങ്ക

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കസ്തൂരിരംഗൻ റിപ്പോർട്ട് ഏതൊക്കെ മേഖലകളിൽ നടപ്പാക്കാനാണ് ശുപാർശ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു. |
| (ബി) റവന്യൂ വകുപ്പു മുഖേന പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) | 1. കസ്തൂരിരംഗൻ കമ്മിറ്റിയുടെ ശുപാർശകൾ അറിഞ്ഞപ്പോൾ ത്തന്നെ, അതിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കണക്കിലെടുക്കാതെ അന്തിമ തീരുമാനം എടുക്കരുതെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചു. കൂടാതെ ആശുപത്രികൾ 'ചുവപ്പു വിഭാഗത്തി'ലായതിനാൽ, പരിസ്ഥിതിലോല മേഖലകളിലെ ചുവപ്പുവിഭാഗ വ്യവസായ നിയന്ത്രണത്തിൽ നിന്ന് ആശുപത്രികളെ ഒഴിവാക്കണമെന്ന് ശുപാർശ ചെയ്തു.<br>2. രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചു ചേർത്ത് അവരുടെ അഭിപ്രായം അറിഞ്ഞു. അതിനെത്തുടർന്ന്, റിപ്പോർട്ടിലെ ശുപാർശകൾ സംബന്ധിച്ചും, |

കേന്ദ്ര സർക്കാർ പുറപ്പെടുവിക്കാനുള്ള വിശദമായ വിജ്ഞാപനത്തിന്റെ ആവശ്യത്തിനായും റിപ്പോർട്ടിലെ ശുപാർശകൾ ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്ത് ശുപാർശ സമർപ്പിക്കാനായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, മുൻ ഐ.എ.എസ് ഉദ്യോഗസ്ഥനായ ശ്രീ. പി.സി.സിറിയക്ക് എന്നിവരടങ്ങുന്ന വിശദമായ സമിതി രൂപീകരിച്ചു.

3. ജനങ്ങളുടെ ആശങ്കകൾ പരിഗണിക്കുന്നതിനായും, അതാതിടങ്ങളിലെ യഥാർത്ഥ പരിസ്ഥിതി ലോല പ്രദേശങ്ങൾ ജനാധിവാസ മേഖലകൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ 01.01.1977 നു മുമ്പ് കൈവശാവകാശമുള്ള പ്രദേശങ്ങൾ എന്നിവ ഒഴിവാക്കിയും, മാനദണ്ഡങ്ങൾ പാലിക്കുന്ന വനം, കാവുകൾ, മൊട്ടക്കുന്നുകൾ, പാറക്കെട്ടുകൾ, പുൽമേടുകൾ എന്നിവ നിലനിർത്തേണ്ടവ കണ്ടെത്തി നിർണ്ണയിക്കുന്നതിനായി നേരിട്ടു പരിശോധന നടത്തി, സർക്കാരിലേക്കു ശുപാർശ നൽകുന്നതിനായി അതാത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സെക്രട്ടറിയായും വില്ലേജ് ഓഫീസർ, ഫോറസ്റ്റ് റേഞ്ച് ഓഫീസർ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും പരിശോ

ധനാ സമിതി രൂപീക രിച്ചു.

4. നേരത്തേ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പരിഗണിച്ച് അതുപ്രകാരമുള്ള പരിസ്ഥിതിലോല മേഖലകളിൽ അനുമതികൾ നല്കണമെന്ന ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവുകൾ ഉണ്ടായിരുന്നത് പുന:പരിശോധിക്കാൻ നടപടിയെടുത്തു.അതു പ്രകാരം മറ്റ് റിപ്പോർട്ടുകൾ കൂടി പരിഗണിക്കാമെന്ന് ട്രൈബ്യൂണൽ ഉത്തരവ് ഭേദഗതി ചെയ്തിട്ടുണ്ട്.
5. പരിസ്ഥിതിലോല പ്രദേശങ്ങൾ പുനർനിർണ്ണയിക്കാനും, പരാതികൾ കേൾക്കാനുമായി വിദഗ്ധ സമിതി രൂപീകരിച്ച കാര്യവും റിപ്പോർട്ട് കിട്ടിയശേഷം വിശദമായ റിപ്പോർട്ടു സമർപ്പിക്കുമെന്നും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചു.
6. കസ്തൂരിരംഗൻ കമ്മിറ്റിയുടെ ശുപാർശകൾ തത്വത്തിൽ അംഗീകരിച്ചു കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെതുടർന്ന് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള ഭയാശങ്കകൾ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് സഹമന്ത്രിയെ മുഖ്യമന്ത്രി നേരിട്ടറിയിക്കുകയും ഇക്കാര്യത്തിൽ സ്പഷ്ടീകരണം നല്കണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി. തുടർന്ന് നടത്തിയ ശ്രമഫലമായിട്ടാണ് സംസ്ഥാന സർക്കാരുകളെക്കൂടി വിശ്വാസത്തിലെടുത്ത് പരിസ്ഥിതിലോലപ്രദേശങ്ങൾ നിർണ്ണയിക്കാമെന്ന നിലപാട് കേന്ദ്ര

സർക്കാർ സ്വീകരിച്ചത്.

7. കസ്തൂരിരംഗൻ കമ്മിറ്റി ശുപാർശകളിന്മേൽ സംസ്ഥാന സർക്കാരിന്റെ നിലപാട് 27.12.2013 ൽ നടന്ന പാർലമെന്റംഗങ്ങളുടെ സമ്മേളനത്തിൽ സർക്കാർ വിശദീകരിക്കുകയും, ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ അകറ്റാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം.

**HLWG പൊതു ശുപാർശകൾ**

പരിസ്ഥിതി മൃദുല പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് നിയന്ത്രണം നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിയന്ത്രണങ്ങൾ ഫലവത്തായി നടപ്പാക്കുന്നതിനും സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാരുകൾ നിശ്ചിത സംവിധാനങ്ങൾക്ക് രൂപം കൊടുക്കണമെന്ന് HLWG അഭിപ്രായപ്പെടുന്നു. താഴെപ്പറയുന്നവയാണ് പരിസ്ഥിതി മൃദുല പ്രദേശങ്ങളിലെ വികസനങ്ങൾക്കുള്ള പ്രത്യേകമായ വ്യവസ്ഥകൾ

| | | |
|---|---|---|
| 1 | ഖനനം, പാറഖനനം മണൽവാരൽ | സമ്പൂർണ്ണ നിരോധനം |
| 2 | ഊർജ്ജോൽപാദനം | താപവൈദ്യുത പദ്ധതികൾ പാടില്ല. ജലവൈദ്യുത പദ്ധതികൾ, ജലലഭ്യതകുറവുള്ള കാലങ്ങളിൽ 30 ശതമാനത്തിലേറെ ജലനിരപ്പുള്ളവയിൽ മാത്രം, വനം പരിസ്ഥിതി വകുപ്പുകളുടെ ക്ലിയറൻസിനു വിധേയമായി അനുവദിക്കാം |
| 3 | വ്യവസായം | റെഡ് ക്യാറ്റഗറിയിൽപ്പെട്ട വ്യവസായങ്ങൾ പാടില്ല (ആശുപത്രികൾ റെഡ് ക്യാറ്റഗറിയിൽപ്പെട്ടവയായതിനാൽ അവയെ ഈ പട്ടികയിൽനിന്ന് വേർതിരിക്കേണ്ടതുണ്ട്) |
| 4 | മനുഷ്യ ആവാസകേന്ദ്രങ്ങൾ | 20000 ചതുരശ്ര മീറ്ററിലേറെ വ്യാപ്തിയുള്ള കെട്ടിടങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും പാടില്ല. ടൗൺഷിപ്പുകളും പ്രദേശ വികസന പദ്ധതികളും പാടില്ല. |
| 5 | വനങ്ങളുടെ തിരിവ് | വെബ്സൈറ്റിൽ ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ കൊടുക്കണം |
| 6 | മറ്റു പദ്ധതികൾ | ഇപ്പോൾ പരിസ്ഥിതി ആഘാത നിർണ്ണയ വിജ്ഞാപനത്തിന്റെ കീഴിൽ വരാത്തവയും പാരിസ്ഥിതിക ആഘാതങ്ങൾ ഉണ്ടാക്കാത്തതുമായ പദ്ധതികൾക്കു മാത്രം അനുമതി നൽകും. |
| 7 | അടിസ്ഥാന സൗകര്യ വികസനം, ഗതാഗതം ഉൾപ്പെടെ | സമഗ്രമായ പരിസ്ഥിതി ആഘാത പഠനത്തിനു ശേഷം മാത്രം. പരിസ്ഥിതി ആഘാത നിർണ്ണയ വിജ്ഞാപനത്തിലെ A വിഭാഗത്തിന്റെ കീഴിൽ ഇവയെല്ലാം ഉൾപ്പെടുന്നതാണ്. (പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിച്ചിരിക്കണം). |
| 8 | റയിൽവേ | പാരിസ്ഥിതികമായ സംരക്ഷണം ഉറപ്പാക്കിക്കൊണ്ടുവേണം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. (വന്യജീവികളെ ബാധിക്കാത്തവിധത്തിൽ) |
| 9 | സുസ്ഥിര കൃഷി | കാർഷിക മേഖലകളും പ്ലാന്റേഷൻ മേഖലകളും പരിസ്ഥിതി മൃദുല സോണുകളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. വനപ്രദേശങ്ങളെയും അവയ്ക്കു ചുറ്റുമുള്ള ജൈവവൈവിധ്യത്തെയും സംരക്ഷിക്കുക എന്നുള്ളത് ഫലത്തിൽ കൃഷിക്കാർക്കും പ്ലാന്റർമാർക്കും ഗുണകരമായിരിക്കും. കൃഷിക്കാരെ ജൈവകൃഷിയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ട ധനസഹായങ്ങൾ നൽകുകയും വേണം. |

| | | |
|---|---|---|
| 10 | വിനോദസഞ്ചാരം | ഇത് വേണ്ട നിയന്ത്രണങ്ങൾ കൂടാതെ നടപ്പിലാക്കിയാൽ പാരിസ്ഥിതികമായ ശോഷണം ഉണ്ടാകാൻ ഇടയുണ്ട്. പരിസ്ഥിതി ആഘാത നിർണ്ണയം കൂടുതൽ ശക്തിപ്പെടുത്തുകയും മേൽനോട്ടം വിപുലമാക്കുകയും ചെയ്യുക. വലിയ ടൂറിസം സംരംഭങ്ങൾക്കുമേൽ വേണ്ടത്ര സെസ്സ് ഏർപ്പെടുത്തുകയും ഈ തുക പാരിസ്ഥിതിക പരിപാലന പ്രവർത്തനങ്ങൾക്കും പ്രാദേശിക സമൂഹത്തിന്റെ നേട്ടങ്ങൾക്കുമായി ഉപയോഗപ്പെടുത്തുകയും ചെയ്യുക. |
| 11 | പൈതൃക പദവി | കേരളത്തിലുള്ള 19 കേന്ദ്രങ്ങൾ (ഇന്ത്യയിൽ ഏറ്റവുമധികം); വ്യക്തമായ അതിരുകൾ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നാഷണൽ പാർക്കുകൾ, വന്യജീവി സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ്വ് തുടങ്ങിയവയ്ക്ക് ഇപ്പോൾതന്നെ മികച്ച രീതിയിലുള്ള സംരക്ഷണം ഉണ്ട്. ഇവിടത്തെ വന്യസമ്പത്തിനെ സംരക്ഷിക്കാനും അവയുടെ മൂല്യനിർണ്ണയത്തിനും സംസ്ഥാന ഗവൺമെന്റുകൾ ഒരു പ്ലാൻ തയ്യാറാക്കണം. |
| 12 | പരിസ്ഥിതി മൃദുല പ്രദേശങ്ങൾക്കുമേൽ വേണ്ട ഭരണപരമായ പ്രവർത്തനങ്ങൾക്കും നിയന്ത്രണ പ്രവർത്തനങ്ങൾക്കുമായി ഒരു സംവിധാനത്തിന് രൂപം നൽകുക. | ആസൂത്രണ കമ്മീഷൻ പരിസ്ഥിതി മൃദുല പ്രദേശങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായും ഈ പ്രദേശത്തെ പരിസ്ഥിതി സൗഹൃദ വളർച്ചയ്ക്കുവേണ്ട സാമ്പത്തിക സഹായം നൽകുന്നതിനായും ഒരു പശ്ചിമഘട്ട സുസ്ഥിര വികസന ഫണ്ടിനു രൂപം നൽകണം. 2006 ലെ പരിസ്ഥിതി ആഘാത നിർണ്ണയ വിജ്ഞാപനത്തിലെ നിബന്ധനകൾ പ്രകാരം പശ്ചിമഘട്ട മൃദുല പ്രദേശങ്ങളിൽ നിന്നും 10 കിലോമീറ്റർ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ വികസന പദ്ധതികൾക്ക് പാരിസ്ഥിതിക ക്ലിയറൻസ് നൽകണം. |
| 13 | പശ്ചിമഘട്ട പ്രദേശങ്ങളുമായി ബന്ധപ്പെട്ട സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നതിനും അവയ്ക്കുവേണ്ട പിൻതുണയും മേൽനോട്ടവും നൽകുന്നതിനുംവേണ്ടി ഒരു സെന്ററിനു രൂപം നൽകുക | പശ്ചിമഘട്ടത്തിലെ സംരക്ഷണ വികസന പ്രവർത്തനങ്ങൾക്ക് ഒരു ശാസ്ത്രീയ അടിസ്ഥാനം നൽകുന്നതിനായി ശാസ്ത്ര സ്ഥാപനങ്ങളുടെയും അക്കാഡമികളുടെയും ഒരു വിജ്ഞാന ശൃംഖലയ്ക്ക് രൂപം നൽകാൻ HLWG നിർദ്ദേശിച്ചിട്ടുണ്ട്. കേരളത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളൊന്നും ഇല്ലാത്തതിനാൽ HLWG നിർദ്ദേശിച്ച സാങ്കേതിക സ്ഥാപനം കേരളത്തിൽ സ്ഥാപിക്കണമെന്ന് ശുപാർശചെയ്തിട്ടുണ്ട്. (ISRO യുടെ സംവിധാനങ്ങൾ ഇതിന് സഹായകരമാകും.) |
| 14 | അതിരപ്പള്ളി ജലവൈദ്യുത പദ്ധതി | ജൈവവൈവിധ്യ ശോഷണം, വനത്തിലെ ആവാസവ്യവസ്ഥകളിലുണ്ടാകുന്ന മാറ്റം, ആദിവാസികളെ മാറ്റിപാർപ്പിക്കൽ, ജലാശയങ്ങളിലെ ജലനിരപ്പിലുണ്ടാകുന്ന മാറ്റം, ഊർജ്ജോൽപ്പാദനം, ജല ഉപഭോഗം, |

| | | |
|---|---|---|
| | | ജലസേചനം എന്നിവ തമ്മിൽ ഒരു സന്തുലനം വേണമെന്ന് HLWG നിർദ്ദേശിച്ചിട്ടുണ്ട്.<br>ഈ പദ്ധതി സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യകതയുമായി ബന്ധപ്പെട്ട് വളരെ പ്രധാനമാണെങ്കിലും നദിയിലെ ജലലഭ്യത കുറവുള്ള കാലത്തെ ജലനിരപ്പുമായി ബന്ധപ്പെട്ട് അനിശ്ചിതത്വം നിലനിൽക്കുന്നുണ്ട്. വൈദ്യുതോൽപ്പാദനം സംബന്ധിച്ച് നിബന്ധനകൾ പുന:പരിശോധിക്കണം. ഊർജ്ജോൽപ്പാദന പദ്ധതി നടപ്പിലാക്കുന്നതിലൂടെ സസ്യജാതികളിൽ ഉണ്ടാകുന്ന ശോഷണത്തെ പരിഹരിക്കാൻ ആ പ്രദേശത്തെ സസ്യസാന്ദ്രത പ്രാപ്തമാണോ എന്ന വസ്തുത നിർണ്ണയിക്കണം. നദിയിലെ ജലലഭ്യത കുറവുള്ള കാലത്തെ ജലനിരപ്പുമായി ബന്ധപ്പെട്ട ഡാറ്റകൾ പരിശോധിക്കേണ്ടതുണ്ട്. ഇതൊക്കെ അപഗ്രഥിച്ച ശേഷം, കേരള സർക്കാർ താൽപര്യപ്പെടുന്നുണ്ടെങ്കിൽ ഇതു സംബന്ധിച്ച ഒരു പ്രൊപ്പോസൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് നൽകണം.<br>കെ.എസ്.ഇ.ബി. ഈ പദ്ധതിയെ സാധൂകരിക്കും വിധമുള്ള ചില വിവരങ്ങളും വസ്തുതകളും സമർപ്പിച്ചിട്ടുണ്ട്. ബോർഡ് ഇക്കാര്യങ്ങൾ വനം പരിസ്ഥിതി മന്ത്രാലയത്തിനെ പ്രത്യേകം ധരിപ്പിച്ച് ക്ലിയറൻസിനുള്ള നടപടികൾ സ്വീകരിക്കണം. |
| 16 | സാമ്പത്തിക ആനുകൂല്യങ്ങൾ | പരിസ്ഥിതി സൗഹൃദ വളർച്ചയ്ക്കും സംരക്ഷണ പ്രവർത്തനങ്ങൾക്കും വേണ്ട സാമ്പത്തിക സഹായങ്ങൾ നൽകുന്നത് സംബന്ധിച്ച് ഒരു ബൃഹത്തായ പ്രൊപ്പോസൽ സംസ്ഥാന ഗവൺമെന്റ് HLWG ന് നൽകിയിരുന്നു. ഇതു തത്വത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഈ ധനസഹായത്തിലേറെയും വന സംരക്ഷണത്തിന് പോകുമെന്നതിനാൽ സംസ്ഥാനത്തിനുമേലുള്ള സാമ്പത്തിക ബാധ്യത വർദ്ധിക്കും. ഇതു സംബന്ധിച്ച ഫണ്ടിൽ ഗണ്യമായ വർദ്ധനവ് വരുത്തണമെന്നും വനവുമായും പരിസ്ഥിതി മൃദുല പ്രദേശങ്ങളുമായും ബന്ധപ്പെട്ടു കഴിയുന്ന പ്രാദേശിക സമൂഹത്തിന് നേരിട്ട് ധനസഹായം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്നും 14-ാം സാമ്പത്തിക കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് എല്ലാ പരിസ്ഥിതി നിയമങ്ങളും നടപ്പിലാക്കുന്നതിനുവേണ്ട ഉത്തരവാദിത്വവും സാമ്പത്തിക ബാധ്യതയും (HLWG ഈ മേഖലയിലെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിനുള്ള നിയത സംവിധാനങ്ങൾ വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്) വഹിക്കുന്നുണ്ടെങ്കിലും സംസ്ഥാനങ്ങൾ ഈ ദിശയിൽ നടപ്പിലാക്കുന്ന |

പ്രവർത്തനങ്ങൾക്ക് ഒരു സാമ്പത്തിക സഹായവും നൽകാറില്ല. മലിനീകരണ നിയന്ത്രണ ബോർഡ്, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, പരിസ്ഥിതി ഡയറക്ടറേറ്റ്, തീരദേശ അതോറിറ്റി, പരിസ്ഥിതി ആഘാത അതോറിറ്റി, നീർത്തട സംരക്ഷണം തുടങ്ങിയവയുമായി ബന്ധപ്പെട്ട് നിയമപരവും അല്ലാത്തതുമായി കേന്ദ്രസർക്കാരിന്റെ വ്യവസ്ഥാപിതമായ നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരുകൾ വലിയ തോതിലുള്ള സാമ്പത്തിക ചെലവ് തുടർച്ചയായി വഹിക്കുന്ന സാഹചര്യം നിലവിലുണ്ട്. മാത്രമല്ല പരിസ്ഥിതി മൃദുല പ്രദേശങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളും അവിടത്തെ ജനങ്ങളും പല നിയന്ത്രണങ്ങൾക്കും നിയമങ്ങൾക്കും ജലവൈദ്യുത പദ്ധതികൾ നടപ്പിലാകാത്ത അവസ്ഥമൂലമുള്ള പ്രശ്നങ്ങൾക്കുമൊക്കെ വിധേയമാകുന്നുണ്ട്. ഇത്തരത്തിൽ നേരിട്ടും അല്ലാതെയുമുണ്ടാകുന്ന നഷ്ടങ്ങൾ നികത്തപ്പെടണം. വന സംരക്ഷണത്തിനുള്ള ധനസഹായം, സാമ്പത്തിക നിയന്ത്രണം തുടങ്ങിയവ വനത്തിന് പുറത്തുള്ള സംരക്ഷണ പ്രവർത്തനങ്ങൾക്കോ ഇതിലേർപ്പെടുന്ന വ്യക്തികൾക്കോ നേരിട്ട് യാതൊരു സഹായവും നൽകാത്ത സ്ഥിതിയുണ്ട്. അതിനാൽ കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി വിഷയങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും നോട്ടിഫിക്കേഷനുകളും നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് രൂപംകൊടുത്തിട്ടുള്ള സ്ഥാപനങ്ങളുടെയും അതോറിറ്റികളുടെയും പദ്ധതിയേതര ചെലവിന്റെ 50% കേന്ദ്ര സർക്കാർ വഹിക്കണം. കൂടാതെ ഏജൻസികളുടെ പദ്ധതി ചെലവ് മുഴുവനും വഹിക്കണം. പശ്ചിമഘട്ട മൃദുല പ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സർവ്വീസ് ചാർജ്ജ്, വനേതര പാരിസ്ഥിതിക സമ്പത്തുകളുടെ സംരക്ഷണം, ജൈവവൈവിധ്യ പരിപാലന സമിതികൾക്കുള്ള ധനസഹായം (ജൈവവൈവിധ്യ ചട്ടപ്രകാരം), സംസ്ഥാനത്തെ ജൈവവൈവിധ്യ ഫണ്ടിലുള്ള വിഹിതം, ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പ്രാഥമിക പാരിസ്ഥിതിക പരിരക്ഷ (Primary Environmental Care) പ്രവർത്തനങ്ങൾ, കീടനാശിനി, രാസവളം തുടങ്ങിയവ ഉണ്ടാക്കുന്ന മലിനീകരണത്തിന്റെ ഫലമായി സംഭവിക്കുന്ന പാരിസ്ഥിതിക ശോഷണത്തിന്റെ നിർമ്മാർജ്ജനം, ഖര ദ്രവമാലിന്യ സംസ്കരണം, ജലാശയങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് പരിസ്ഥിതി സൗഹൃദ ബദലുകൾ ഉപയോഗിക്കൽ തുടങ്ങിയവയുടെ ചെലവും കേന്ദ്ര സർക്കാർ പൂർണ്ണമായും വഹിക്കണമെന്ന് HLWG ശുപാർശചെയ്യുന്നു.

HLWG യുടെ ശുപാർശകൾക്കൊപ്പം മേൽപ്പറഞ്ഞ സാമ്പത്തിക സംവിധാനങ്ങൾകൂടി പരിഗണിച്ചാൽ മാത്രമേ ഇവ സംസ്ഥാന സർക്കാരുകൾക്ക് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. കടമെഴുതിത്തള്ളൽപോലുള്ള സാമ്പത്തിക നടപടികൾക്കു പകരം പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് ഗ്രാന്റ് ഇൻ എയ്ഡ് നൽകുന്നത് ഉചിതമായിരിക്കും.